# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6178 — 04/07/2019 ൽ മറുപടിക്ക്

### കാഷ്യു ബോർഡ് ചുമതലകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീമതി. ജെ. മെഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച കാഷ്യുബോർഡ് എന്തെല്ലാം ചുമതലകളാണ് നിർവ്വഹിച്ചു പോരുന്നത് എന്നുള്ള വിശദവിവരം നൽകുമോ; | (എ) സംസ്ഥാനത്തെ കശുവണ്ടി സംസ്കരണ ഫാക്ടറികൾ മുടക്കം കൂടാതെ പ്രവർത്തിക്കുന്നതിനാവശ്യമായ അസംസ്കൃത കശുവണ്ടി സംഭരിച്ച് ലഭ്യമാക്കുന്നതിനുള്ള ചുമതലയാണ് കേരള കാഷ്യൂ ബോർഡ് പ്രധാനമായും നിർവഹിച്ചുവരുന്നത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി ഗിനി-ബിസാവു, മൊസാംബിക്, ഘാന എന്നീ രാജ്യങ്ങളിൽ നിന്നായി 17,000 ടണ്ണോളം തോട്ടണ്ടി ഇറക്കുമതി ചെയ്ത് സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും ഫാക്ടറികൾക്ക് ലഭ്യമാക്കിക്കഴിഞ്ഞു. ഗിനി-ബിസാവുവിൽ നിന്ന് 2019 സീസണിലെ 3000 ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള ഇ-ടെണ്ടർ നടപടിയും സ്വീകരിച്ചിട്ടുണ്ട്. തോട്ടണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്ന് ഗവൺമെന്റ് - ടു - ഗവൺമെന്റ് സമ്പ്രദായത്തിൽ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ശ്രമങ്ങളും ബോർഡ് നടത്തിവരുന്നു. ഐവറികോസ്റ്റ്, സെനഗൽ എന്നീ രാജ്യങ്ങൾ ഇപ്രകാരമുള്ള ഒരു സംവിധാനത്തിന് താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഐവറി കോസ്റ്റിലെ കോട്ടൺ & കാഷ്യൂ കൗൺസിലുമായി ഒരു ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.<br>കേരളത്തിലെ കശുവണ്ടി വ്യവസായത്തെ രക്ഷിക്കുന്നതിന് തോട്ടണ്ടിയുടെ വില പിടിച്ചുനിർത്തുക, പൊതുമേഖലയ്ക്കും സ്വകാര്യമേഖലയ്ക്കും ആവശ്യമായ തോട്ടണ്ടി |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുക എന്നിവയായിരുന്നു ബോർഡിന്റെ മുഖ്യ ചുമതല. മാർക്കറ്റിൽ ലഭ്യമായ കുറഞ്ഞ വിലയ്ക്ക് തോട്ടണ്ടി സംഭരിക്കാൻ കാഷ്യൂ ബോർഡിന് ഇതിനകം സാധിച്ചിട്ടുണ്ട്. അടുത്ത ലക്ഷ്യം കേരളത്തിലെ കശുവണ്ടി പരിപ്പിന് പരമാവധി വില ലഭ്യമാക്കുക എന്നുള്ളതാണ്. അതിനുള്ള ശ്രമവും ആരംഭിച്ചിട്ടുണ്ട്. |
| (ബി) | കശുവണ്ടി ഫാക്ടറി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ? | (ബി) | കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനായി ഇറക്കുമതിയിലൂടെയും പൊതുമേഖലാ സ്ഥാപനങ്ങളായ കേരളാ പ്ലാന്റേഷൻ കോർഷറേഷൻ, ആറളം ഫാം, കശുമാവ് കർഷകർ മുതലായവരിൽ നിന്നും സർക്കാർ രൂപീകരിച്ച വിലനിർണ്ണയസമിതി നിശ്ചയിക്കുന്ന തറവിലയുടെ അടിസ്ഥാനത്തിലും തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്. കേരളാ കാഷ്യൂബോർഡ് ലഭ്യമാക്കിയ തോട്ടണ്ടി കോർപ്പറേഷനും, കാപെക്സും സ്റ്റോക്ക് ചെയ്തിരിക്കുകയാണ്. ഈ വർഷം ഒക്ടോബർവരെ ഫാക്ടറികൾ പ്രവർത്തിപ്പിക്കുന്നതിനുള്ള തോട്ടണ്ടി കോരളാ കാഷ്യൂബോർഡ് ലഭ്യമാക്കിയിട്ടുണ്ട്.<br>കാഷ്യൂ ബോർഡ് വഴി തുടർച്ചയായി തോട്ടണ്ടി ലഭ്യമാക്കി പ്രതിവർഷം മിനിമം 200 തൊഴിൽദിനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് കോർപ്പറേഷൻ പ്രവർത്തിച്ചു വരുന്നത്. കൂടാതെ അടഞ്ഞുകിടന്നിരുന്ന സ്വകാര്യഫാകടറികൾ തുറക്കുന്നതിന് ഒരു സ്പെഷൽ പാക്കേജ് സർക്കാർ പ്രഖ്യാപിച്ച് നടപടി സ്വീകരിച്ച് വരികയാണ്. കടക്കെണിയിൽപ്പെട്ട വ്യവസായത്തിന്റെ പുനരുദ്ധാരണത്തിനായി ബാങ്കുകൾ നൽകുന്ന വായ്പയുടെ പലിശ സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. |

Radhakrishnan

സെക്ഷൻ ഓഫീസർ